**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **04-10-2021 - ൽ മറുപടിയ്ക്ക്**

**അളവ് തൂക്കം സംബന്ധിച്ച അവബോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉപഭോക്തൃ കോടതിയിൽ 2020-21 കാലയളവിൽ ഫയൽ ചെയ്ത കേസുകൾ എത്രയാണെന്നും ഇതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (എ) | കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അളവ് തൂക്കത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ? | (ബി) | അളവ് തൂക്കത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ അച്ചടി-ദൃശ്യമാധ്യമങ്ങൾ വഴി ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും പരസ്യങ്ങൾ നൽകിവരുന്നു. കൂടാതെ ലോക, ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ വകുപ്പിന്റെ Facebook പേജ് വഴി പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി കൺട്രോളർമാർ എഫ്.എം.റേഡിയോ, ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ എന്നിവയിൽ സംവാദ പരിപാടികളിലും അഭിമുഖങ്ങളിലും പങ്കെടുത്തുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ പൂജ ഹോളിഡേയ്സ്, ക്രിസ്തുമസ് -ന്യൂഇയർ എന്നീ ആഘോഷ സമയങ്ങളിലും, 2021-22 സാമ്പത്തിക വർഷത്തിൽ ഓണത്തോടനുബന്ധിച്ചും FM റേഡിയോയിലും വിവിധ അച്ചടി മാധ്യമങ്ങളിലും പരസ്യം നൽകിയിരുന്നു. ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കി വകുപ്പിന്റെ പരസ്യചിത്രങ്ങൾ നിർമ്മിക്കുന്നതിന് KSFDCയെ ചുമതലപ്പെടുത്തുകയും ആദ്യ 3 പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത് ഉടനെ ദൃശ്യ മാധ്യമങ്ങൾ വഴിയും സാമൂഹ്യ മാധ്യമങ്ങൾ വഴിയും പ്രക്ഷേപണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഓഫീസ് | 2020-21 ൽ ഫയൽ ചെയ്ത കേസുകളുടെ എണ്ണം | 2020-21 ൽ തീർപ്പാക്കിയ കേസുകളുടെ എണ്ണം |
|---|---|---|
| സംസ്ഥാന കമ്മീഷൻ | 330 | 52 |
| ജില്ലാ കമ്മീഷനുകൾ | | |
| തിരുവനന്തപുരം | 359 | 22 |
| കൊല്ലം | 446 | 21 |
| പത്തനംതിട്ട | 251 | 53 |
| കോട്ടയം | 236 | 32 |
| ആലപ്പുഴ | 348 | 103 |
| എറണാകുളം | 488 | 128 |
| തൃശ്ശൂർ | 461 | 31 |
| ഇടുക്കി | 187 | 10 |
| മലപ്പുറം | 313 | 103 |
| പാലക്കാട് | 182 | 74 |
| കോഴിക്കോട് | 248 | 0 |
| വയനാട് | 164 | 6 |
| കണ്ണൂർ | 308 | 102 |
| കാസർഗോഡ് | 350 | 75 |

സെക്ഷൻ ഓഫീസർ